GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

---

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/06/2026

1. ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പരിധിയിലെ ആനാട്, വെമ്പായം, അരുവിക്കര, നെടുമങ്ങാട്, കരകുളം, വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന് എന്നീ കൃഷിഭവനകളിൽ 6 ഇനം വിത്തുകൾ ഉള്ള പച്ചക്കറി വിത്ത് പാക്കറ്റുകൾ 20 രൂപ നിരക്കിൽ ലഭ്യമാണ്. കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടുക.

2. "ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ കരവാളൂർ, തൃക്കടവൂർ കൃഷിഭവനുകളിലും പത്തനംതിട്ട ജില്ലയിലെ മല്ലപ്പുഴശേരി കൃഷിഭവനിലും ഗുണമേന്മയുള്ള പച്ചക്കറി വിത്തു പാക്കറ്റുകൾ 10 രൂപ നിരക്കിൽ വില്പനയ്ക്ക്. താല്പര്യമുള്ള കർഷകർ കൃഷിഭവനുമായി ബന്ധപ്പെടുക.

3. തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ബ്ലോക്കിന് കീഴിൽ വരുന്ന കാട്ടാക്കട, പൂവച്ചൽ, വെള്ളനാട്, ആര്യനാട്, കുറ്റിച്ചൽ, തൊളിക്കോട്, വിതുര, ഉഴമലയ്ക്കൽ എന്നീ കൃഷി ഭവനുകളിൽ തെങ്ങിൻതൈകൾ സബ്സിഡി നിരക്കിൽ ലഭ്യമാണ്. പശ്ചിമ തീര നെടിയൻ 50 രൂപ, കുള്ളൻ തൈകൾ 50 രൂപ, സങ്കരയിനം തൈകൾ 125 രൂപ എന്നീ നിരക്കുകളിൽ തെങ്ങിൻ തൈകൾ വില്പനയ്ക്ക് ലഭ്യമാണ്. മേൽപ്പറഞ്ഞ കൃഷിഭവനകളിൽ രജിസ്റ്റർ ചെയ്തിരുന്ന വർക്ക് മുൻഗണന ലഭിക്കുന്നതാണ്. തെങ്ങിൻ തൈകളുടെ എണ്ണം പരിമിതമായതിനാൽ എത്രയും വേഗം കൃഷിഭവനുമായി ബന്ധപ്പെടണമെന്ന് വെള്ളനാട് ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ചന്ദ്രലേഖ സി എസ് അറിയിച്ചു. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 9383470159.

4. എറണാകുളം ജില്ലയിലെ വൈറ്റില ചളിക്കവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള നെല്ല് ഗവേഷണ കേന്ദ്രത്തിൽ നേന്ത്രൻ, അമ്പല കദളി, റോബസ്റ്റ എന്നീ ഇനങ്ങളിൽ ഉള്ള ടിഷ്യൂ കൾച്ചർ വാഴതൈകൾ വില്പനയ്ക്ക്. ഫോൺ നമ്പർ-0484-2809963, 807522086.

5. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തു നടപ്പിലാക്കിവരുന്ന എൻ എ ഡി സി പി, എഫ് എം ഡി

സി പി എട്ടാം ഘട്ട കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പിന്റെ ഉദ്ഘാടനം ജൂൺ 19ലേക്ക് മാറ്റിയതായി കുടപ്പനക്കുന്ന് ഗോരക്ഷാഭവൻ പ്രൊജക്റ്റ് കോഓർഡിനേറ്റർ അറിയിച്ചു.

6. കോഴിക്കോട് ജില്ലയിൽ നിപ സ്ഥിരീകരിച്ച പശ്ചാത്തലത്തിൽ മൃഗങ്ങളിൽ നിന്നുള്ള രോഗപ്പകർച്ച തടയുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാതല കൺട്രോൾറൂം പ്രവർത്തനമാരംഭിച്ചു. കോഴിക്കോട് ബാങ്ക് റോഡിലുള്ള ജില്ലാ മൃഗസംരക്ഷണ ഓഫീസിന് കീഴിലെ അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്റ്റ് ഓഫീസിലാണ് കൺട്രോൾറൂം. മൃഗങ്ങളിലെ രോഗലക്ഷണങ്ങൾ, വവ്വാലുകളുടെ സാന്നിധ്യം തുടങ്ങിയ വിവരങ്ങൾ 0495-2762050 എന്ന കൺ ട്രോൾ റൂം നമ്പറിൽ അറിയിക്കാം.

7. മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ എല്ലാ ചൊവ്വാഴ്ചയും ഒരു ദിവസം പ്രായമായ ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്. പിടക്കോഴിക്കുഞ്ഞിന് 25 രൂപയും പൂവന് അഞ്ചു രൂപയുമാണ് നിരക്ക്. ഫോൺ: 0481-2373710, 8301897710.

8. മഴ, വെള്ളപ്പൊക്കം, ശക്തമായ കാറ്റ്, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ മൂലം കാർഷിക മേഖലയിൽ ഉണ്ടാകുന്ന

നാശനഷ്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ കർഷകർക്ക് അതത് ജില്ലകളിലെ കൺട്രോൾ റൂമുകളിൽ അറിയിക്കാവുന്നതാണ്. ലഭിക്കുന്ന പരാതികളും വിവരങ്ങളും അതിവേഗം ബന്ധപ്പെട്ട കൃഷി ഓഫീസുകൾക്ക് കൈമാറി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കും. ഇതോടനുബന്ധിച്ച്, എയിംസ് (AIMS) പോർട്ടൽ മുഖേന കർഷകർ സമർപ്പിക്കുന്ന അപേക്ഷകളുടെയും നഷ്ടപരിഹാര നടപടികളുടെയും പുരോഗതി തത്സമയം നിരീക്ഷിക്കാൻ കഴിയുന്ന ഡാറ്റാബേസും സജ്ജീകരിച്ചിട്ടുണ്ട്. നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി കർഷകർക്ക് താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. തിരുവനന്തപുരം - 9383470086, കൊല്ലം - 9383470318, ആലപ്പുഴ - 9383470561, കോട്ടയം i/c –99383470704, പത്തനംതിട്ട - 9383470499, എറണാകുളം – 9383471150, ഇടുക്കി – 9383470821, തൃശ്ശൂർ – 9383473242, പാലക്കാട്– 9383471457, മലപ്പുറം - 9383471618, കോഴിക്കോട് - 9383471779, വയനാട് - 9383471912, കണ്ണൂർ - 9383472028, കാസർഗോഡ് – 9383471961.

## പരിശീലന പരിപാടി

9. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളായണി കാർഷിക കോളേജിലെ പോസ്റ്റ്ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ 'പഴം - പച്ചക്കറി സംസ്കരണം' എന്ന വിഷയത്തിൽ ജൂൺ 29-ന് ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. വിവിധ പഴം-പച്ചക്കറികളിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം (ജാം, സ്ക്വാഷ്, R T S, അച്ചാർ, ഫ്രൂട്ട് ബാറുകൾ മുതലായവ), വിവിധ പാക്കേജിങ്- സംസ്കരണ യന്ത്രങ്ങൾ, പോഷകഘടക വിശകലനം, ന്യൂട്രിഷൻ ലേബൽ തയ്യാറാക്കൽ, വിപണനം, തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ഉണ്ടായിരിക്കും. നിലവിൽ ഭക്ഷ്യസംസ്കരണ യൂണിറ്റ് ഉള്ളവർക്കും പുതുതായി ആരംഭിക്കാൻ താല്പര്യമുള്ളവർക്കും പങ്കെടുക്കാം. ഫീസ്: 1000 രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതായിരിക്കും. താല്പര്യമുള്ളവർ ഓഫീസ് സമയങ്ങളിൽ 8089076698 എന്ന നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.